**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഓപ്പറേഷൻ അനന്ത - വേളി കായലിൽ പുലിമുട്ട് നിർമ്മാണം - ഭരണാനുമതി റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യ ബന്ധ തുറമുഖ (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.126/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 15/02/2019

---

പരാമർശം:- 1 സ.ഉ.(സാധാ.)നമ്പർ.705/2015/മതുവ തീയതി, 21/ 08/2015

2 20/06/2018 ലെ ഡി3/5696/15/ സി.ഇ. നം. കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപ്പാക്കി വരുന്ന കർമ്മ പദ്ധതിയായ 'ഓപ്പറേഷൻ അനന്ത' യിൽ ഉൾപ്പെടുത്തി വേളിക്കായലിൽ 220 മീറ്റർ നീളമുള്ള രണ്ട് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 23.50 കോടി രൂപ (ഇരുപത്തിമൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി നൽകി പരാമർശം-1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അശാസ്ത്രീയമായ പുലിമുട്ട് നിർമ്മാണം പാരിസ്ഥിതിക പ്രശ്നങ്ങൾക്കും, തീരശോഷണത്തിനും കാരണമാകുമെന്നും മറ്റുമുള്ള ആശങ്കകൾ ഉന്നയിച്ച് പ്രവൃത്തികൾ നാട്ടുകാർ തടസ്സപ്പെടുത്തുകയുണ്ടായി. ഈ വിഷയം ചർച്ച

ചെയ്യുന്നതിനായി 14/11/2017-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വേളി തീരത്ത് പുലിമുട്ട് വന്നാൽ വൻ തോതിൽ തീരശോഷണം ഉണ്ടാകുമെന്നും, വേളി-ആക്കുളം കായലിലെ വെള്ളം കടലിലേയ്ക്ക് ഒഴുകി കടൽ മലിനമാകുന്നത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുമെന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി വീണ്ടും വിശദമായ മാതൃകാപഠനവും തീരസംരക്ഷണ പ്രവ്ൃത്തികളും നടത്തണമെന്നും അഭിപ്രായമുയർന്നു.

പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള സ്ഥലം കൈമാറി 6 മാസം കഴിഞ്ഞിട്ടും പണി തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ, ടി പ്രവൃത്തിയിൽ നിന്നും നിരുപാധികം ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടു. ടി പ്രവൃത്തി ചെയ്യാൻ കഴിയാതെ പോകുന്നത് കരാറുകാരന് നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം സംജാതമാക്കുമെന്നതിനാൽ 24/05/2018 -ൽ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറുകാരനെ ഒഴിവാക്കിയതായി പരാമർശം-2 പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുതിനായി 'ഓപ്പറേഷൻ അനന്ത'യിൽ ഉൾപ്പെടുത്തി വേളിയിൽ 23.50 കോടി രൂപ (ഇരുപത്തിമൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) മതിപ്പ് ചെലവിൽ 220 മീ. നീളമുള്ള രണ്ട് പുലിമുട്ടുകൾ നിർമ്മിക്കുതിനായി ഭരണാനുമതി നല്കിയ പരാമർശം- 1 ലെ സർക്കാർ ഉത്തരവ് റദ്ദാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.റ്റി.ജോയി**
**ഡെപ്യൂട്ടി സെക്രട്ടറി**

ചീഫ് എ്ിനീയർ, ഹാർബർ എ്ിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഐ & പി. ആർ.ഡി.

ദുരന്ത നിവാരണ(എ) വകുപ്പ് (11/12/2018 ലെ ഫയൽ നം. DMA4/383/2018-DMD പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്